**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1904** **01.02.2018-ൽ മറുപടിയ്ക്ക്**

## കൊച്ചി മെട്രോയുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോയുടെ പ്രവർത്തനം ലാഭത്തിലാണോ നഷ്ടത്തിലാണോ എന്ന് വെളിപ്പെടുത്തുമോ; വിശദാംശം നൽകുമോ; | (എ) | കൊച്ചി മെട്രോ പ്രതിദിനം ഏകദേശം 18 ലക്ഷം രൂപയോളം നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. |
| (ബി) | മെട്രോയ്ക്ക് ടിക്കറ്റ് ഇതര വരുമാനം കണ്ടെത്താനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്. മെട്രോയുടെ തൂണുകളിലും മീഡിയനുകളിലും പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതു സംബന്ധിച്ച കരാർ നൽകി. നാഷണൽ ഹൈവേ അതോറിറ്റിയുടെ പരിധിയിൽ വരുന്ന ഭാഗങ്ങളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, പ്രോപ്പർട്ടി ഡെവലപ്മെന്റിലൂടെ പാർപ്പിട-വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണത്തിനും വിൽപ്പനയ്ക്കുമായി കൊച്ചി മെട്രോ സമർപ്പിച്ച നിർദ്ദേശത്തിന്മേൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽ കാക്കനാടുള്ള 17.315 ഏക്കർ ഭൂമി വിട്ടു നൽകുന്നത് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ